# ഇടുക്കി

ഇടുക്കി ജില്ലയിലെ തൊടുപുഴ, ഉടുമ്പൻചോല താലൂക്കുകളിലായി 105 ച.കി.മീറ്റർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന ഇവിടം 1976-ൽ വന്യജീവി സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ചു. വൈവിധ്യമാർന്ന സസ്യജന്തു ജാലകത്താൽ സമൃദ്ധമായ ഈ സങ്കേതം ആനകൾ കൂടുതലായി കാണപ്പെടുന്ന വനമേഖലയാണ്. ലോക പ്രശസ്തമായ ഇടുക്കി ആർച്ച്ഡാമും വിശാലമായ ജലാശയവും ഈ മേഖലയെ കൂടുതൽ ആകർഷകമാക്കുന്നു. കാനന സന്ദർശനത്തിനും ബോട്ട് യാത്രക്കും സൗകര്യങ്ങൾ ലഭ്യമാണ്. ഇടുക്കി ജലസംഭരണിക്കു ചുറ്റും സ്ഥിതി ചെയ്യുന്ന വനങ്ങളും, അവിടെയുള്ള ജൈവ വൈവിധ്യവും സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ പ്രദേശം വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചത്. ഉഷ്ണമേഖലാ ആർദ്ര നിത്യഹരിത വനങ്ങളും, അർദ്ധനിത്യഹരിത വനങ്ങളും, ഇലപൊഴിയും കാടുകളും നിറഞ്ഞ ഇവിടം കടുവ, ആന, പുലി, കരടി, കാട്ടുപോത്ത്, മ്ലാവ് കരിങ്കുരങ്ങ് തുടങ്ങിയ വന്യജീവികൾ, വിവിധയിനം പക്ഷികൾ, ചിത്രശലഭങ്ങൾ, ഉരഗങ്ങൾ, ശുദ്ധജല മത്സ്യങ്ങൾ എന്നിവയാൽ സമൃദ്ധമാണ്. ഊരാളി, ഉള്ളാടർ, അരയൻ, എന്നീ ആദിവാസി വിഭാഗങ്ങൾ ഈ സങ്കേതത്തിൽ ഉണ്ട്. ഇടുക്കി വൈൽഡ്‌ലൈഫ് ഡിവിഷന്റെ ഭരണ നിയന്ത്രണത്തിലാണ് ഈ സങ്കേതം.

| | | |
|---|---|---|
| സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം | - | 800 - 1272 മീറ്റർ |
| സന്ദർശനകാലം | - | നവംബർ - ഫെബ്രുവരി |
| വിസ്തീർണ്ണം | - | 105 ച.കി.മീറ്റർ |
| വർഷപാതം | - | 3800 -4000 |
| ഊഷ്മാവ് | - | 13°-34°C |



റോഡുമാർഗ്ഗം കോട്ടയത്തുനിന്നും 120 കി.മീറ്റർ ദൂരമുണ്ട് ഇവിടെയെത്താൻ. ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷനും കോട്ടയമാണ്. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്ന് 210 കിലോമീറ്റർ ദൂരമുണ്ട്. താമസത്തിനായി ഈ സങ്കേതത്തിൽ ഇൻസ്പെക്ഷൻ ബംഗ്ലാവും ഡോർമിറ്ററി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.


*കൂടുതൽ വിവരങ്ങൾക്ക്*

വൈൽഡ്‌ലൈഫ് വാർഡൻ

ഇടുക്കി വൈൽഡ്‌ലൈഫ് സാങ്ചറി, വെള്ളപ്പാറ, ഇടുക്കിജില്ല.

ഫോൺ: 047862 232271 മൊബൈൽ; 9447979094





